**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4040** **17-03-2025 - ൽ മറുപടിയ്ക്ക്**

**കുട്ടമ്പുഴ ആദിവാസി നഗർ കേന്ദ്രീകരിച്ച് കെ-സ്റ്റോർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കെ-സ്റ്റോർ വഴി നിലവിൽ നൽകിവരുന്ന സേവനങ്ങൾ എന്തെല്ലാമാണ്; | (എ) | മിൽമയുടെ തിരഞ്ഞെടുത്ത ഉത്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ്, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ എന്നിവയ്ക്ക് പുറമേ CSC വഴിയുള്ള യൂട്ടിലിറ്റി ബിൽ പേയ്മെൻറ്, AEPS(Aadhar Enabled Payment System) മുഖേന 10,000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള സംവിധാനം എന്നിവയും കെ-സ്റ്റോറുകൾ വഴി നൽകി വരുന്നു.<br><br>കൂടാതെ വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള MSME (Micro Small and Medium Enterprises) ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങളും കെ-സ്റ്റോറുകൾ വഴി വിപണനം ചെയ്തു വരുന്നു. |
| (ബി) | നിരവധി ആദിവാസി ഊരുകളുള്ള കുട്ടമ്പുഴ പഞ്ചായത്തിൽ ആദിവാസി നഗർ കേന്ദ്രീകരിച്ച് കെ-സ്റ്റോർ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | കുട്ടമ്പുഴ പഞ്ചായത്തിൽ നിലവിൽ കെ സ്റ്റോർ ആയി പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിട സൗകര്യമുള്ള 2 റേഷൻ കടകൾ കൂടി കെ സ്റ്റോർ ആയി പരിവർത്തനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കുട്ടമ്പുഴ പഞ്ചായത്തിലെ തേര, വാരിയം ആദിവാസി ഉന്നതികളിലേയ്ക്ക് ആവശ്യമായ സാധനങ്ങൾ കെ സ്റ്റോർ വഴി എത്തിച്ച് നൽകുന്നതിന് ടി ഉന്നതികളിലെ മൂപ്പന്മാരുമായും പഞ്ചായത്ത് വാർഡ് അധികൃതരുമായും ആലോചിച്ച് കെ സ്റ്റോർ സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | കെ-സ്റ്റോർ വഴിയുള്ള സേവനങ്ങൾ വിപുലീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | കെ സ്റ്റോറുകൾ വഴി നിലവിലുള്ള സേവനങ്ങൾക്ക് പുറമെ പൊതുമേഖല സ്ഥാപനങ്ങളായ കാഷ്യൂ, കേരള സോപ്പ്, ഖാദി ഉൽപ്പന്നങ്ങൾ, കെൽപാം,കെ.സി. സി.പി.എൽ എന്നിവയുടെ ഉൽപ്പന്നങ്ങൾ കൂടി കെ സ്റ്റോർ വഴി വിപണനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു . |

സെക്ഷൻ ഓഫീസർ